Draft #2 of File 57076/AC A1-1/2021/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jul-2021 04:29 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യു.ജി.സി. ധനസഹായ കാലാവധിക്ക് ശേഷം സ്വാശ്രയ മേഖലയിൽ തുടരുവാൻ ഉദ്ദേശിക്കുന്ന ബി.വോക്. പ്രോഗ്രാമുകൾക്ക് കോഴ്സ് അഫിലിയേഷൻ ഫീസ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3054/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 05.07.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 936/ACA1/2019/എം.ജി.യൂ തീയതി. 11.03.2019

2. G.O. (Ms) No. 127/2019/HEDN തീയതി. 08.05.2019

3. ബി.വോക്. പ്രോഗ്രാമുകൾ സ്വാശ്രയ രീതിയിൽ തുടരുവാൻ വിവിധ കോളേജ് പ്രിൻസിപ്പാളുമാർ നൽകിയ അപേക്ഷ.

**ഉത്തരവ്**

2018-19 അദ്ധ്യയന വർഷം സർവ്വകലാശാലയിലെ വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ യു.ജി.സി. ധനസഹായത്തോടെ ബി.വോക്. പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) പ്രകാരം അഫിലിയേഷൻ നൽകിക്കൊണ്ടുള്ള ഉത്തരവിന് നിരാക്ഷേപ പത്രം പുറപ്പെടുവിച്ചുകൊണ്ടുള്ള പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ, അഫിലിയേഷൻ നൽകപ്പെട്ട ബി.വോക്. പ്രോഗ്രാമുകളുടെ യു.ജി.സി. ധനസഹായ കാലാവധിക്ക് ശേഷം ടി പ്രോഗ്രാമുകൾ സ്വാശ്രയ രീതിയിൽ തുടരാമെന്ന് പ്രതിപാദിച്ചിരിക്കുന്നു.

2020-21 അദ്ധ്യയന വർഷത്തോടുകൂടി ടി ബി.വോക്. പ്രോഗ്രാമുകളുടെ യു.ജി.സി.-യുടെ ധനസഹായ കാലാവധി അവസാനിച്ചതിനാൽ ടി പ്രോഗ്രാമുകൾ 2021-22 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ രീതിയിൽ തുടരുവാനായി ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷകൾ പരിഗണിച്ചുകൊണ്ട് ബി.വോക്. പ്രോഗ്രാമുകൾ സ്വാശ്രയ പ്രോഗ്രാമുകളായി മാറ്റി അഫിലിയേഷൻ നൽകുമ്പോൾ സ്വാശ്രയ പ്രോഗ്രാമുകൾ ആരംഭിക്കുമ്പോൾ ഈടാക്കാറുള്ള കോഴ്സ് അഫിലിയേഷൻ ഫീ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും ഈടാക്കുവാൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തീരുമാനിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം iii, സെക്ഷൻ 10(17) പ്രകാരം 28.06.2021 തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജുകൾ
2. വിസി/പിവിസി എന്നിവരുടെ പിഎസ്
3. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പിഎ മാർ
4. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്)
5. എസിഎ1/എസിസി1/എസിസി2/എഡി ബി 6/ഓഡിറ്റ് V/ഫിനാൻസ് സെക്ഷൻ
6. ഐ.ക്യു.എ.സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.കരുതൽ ഫയൽ/ ഫയൽ കോപ്പി /റിക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 57076/AC A1-1/2021/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jul-2021 04:29 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം